"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലുള്ള ഗായത്രി കളിമൺപാത്ര നിർമ്മാണ തൊഴിലാളി സ്വയം സഹായ സംഘത്തിന് പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം വ്യവസ്ഥകൾക്ക് വിധേമായി അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പ്

G.O.(Rt)No.24/2024/BCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 08.06.2022 തീയതിയിലെ BCDIR/B3/357/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ഗ്രൂപ്പുകൾക്കുള്ള ധനസഹായത്തിനായി തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലുള്ള ഗായത്രി കളിമൺപാത്ര നിർമ്മാണ തൊഴിലാളി സ്വയം സഹായ സംഘം 28.10.2021 തീയതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലെ തേക്കിൻകാട് കോളനിയിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അധിവസിക്കുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ 15 കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല എന്ന് കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മുൻകാലങ്ങളിൽ ഗ്രൂപ്പുകൾക്ക് വകുപ്പ് മുഖേന ആനുകൂല്യം നൽകിയിരുന്നുവെങ്കിലും ടി ഗ്രൂപ്പുകൾക്ക് ഖാദി ബോർഡിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സഹായം അനുവദിക്കപ്പെടുന്നു എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ നിലവിൽ ആനുകൂല്യം അനുവദിക്കുന്നില്ലെന്നും എന്നാൽ മേൽ വിവരിച്ച കുടുംബങ്ങൾ അന്യം നിന്നു പോകുന്ന ഈ തൊഴിലിനോട് വളരെ കൂറ് പുലർത്തുന്നവരും അർപ്പണ ബോധത്തോടെ തൊഴിൽ ചെയ്തു വരുന്നവരാണെന്നും എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ നിലവിലുള്ള സംഘത്തിന് ഖാദി ബോർഡിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സഹായം ഒന്നും തന്നെ ലഭ്യമായിട്ടില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളിലാളികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ഗ്രൂപ്പുകൾക്കുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലുള്ള ഗായത്രി കളിമൺപാത്ര നിർമ്മാണ തൊഴിലാളി സ്വയംസഹായ

സംഘത്തിന് ഖാദി ബോർഡിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സഹായം ഒന്നും തന്നെ ലഭ്യമായിട്ടില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളിലാളികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ഗ്രൂപ്പുകൾക്കുള്ള ധനസഹായം അനുവദിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHA.S
ADDITIONAL SECRETARY

പകർപ്പ്-
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനകനഗർ,
വെള്ളയമ്പലം, കവടിയാർ പി.ഒ തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 16-03-2024 15:46:55
സെക്ഷൻ ഓഫീസർ